# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 970

06.06.2018-ൽ മറുപടിയ്ക്ക്

## സൃഷ്ടി സ്കോളർഷിപ്പ്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.റോഷി അഗസ്റ്റിൻ** | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) **വനം വകുപ്പ് നൽകിവരുന്ന സൃഷ്ടി സ്കോളർഷിപ്പ് ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ;** | എ) ആദിവാസികൾ ഉൾപ്പെടെയുള്ള പട്ടിക വർഗ്ഗ വിഭാഗക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ ഒരു പെൺകുട്ടിക്ക് ഉന്നത വിദ്യാഭ്യാസത്തിനായുള്ള ധനസഹായത്തിനായിട്ടാണ് സൃഷ്ടി സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്. ഒരു വർഷം 15,000/-രൂപ (പതിനയ്യായിരം രൂപ) യാണ് സ്കോളർഷിപ്പ് തുകയായി നൽകുന്നത് . വനവികസന ഏജൻസികളുടെ നേതൃത്വത്തിൽ വനസംരക്ഷണ സമിതികൾ / ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ പ്രസിഡന്റ് /സെക്രട്ടറി എന്നിവർ വഴി വനത്തിനുള്ളിലെ പട്ടികവർഗ്ഗ കോളനികളിൽ വിപുലമായ പരസ്യം നൽകിയാണ് അർഹരായവരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നത്. ഇങ്ങനെ സ്വീകരിക്കുന്ന അപേക്ഷകൾ സംസ്ഥാന വനവികസന ഏജൻസി ചെയർമാൻ അദ്ധ്യക്ഷനായും , ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഇ&റ്റി.ഡബ്ല്യു.) മെമ്പർ സെക്രട്ടറിയായും , ഒരു എൻ.ജി.ഒ , സോഷ്യോളജി / ആന്ത്രോപോളജി / ആദിവാസി പഠനം എന്നീ ഏതെങ്കിലും മേഖലയിൽ പ്രാവീണ്യമുള്ള ഒരാൾ എന്നിവർ അംഗങ്ങളായുള്ള സൂക്ഷ്മ പരിശോധനാ കമ്മിറ്റി പരിശോധിച്ച് നിഷ്കർഷ യോഗ്യതയുള്ള ഏറ്റവും അർഹയായ ഒരു ഒരു ട്രൈബൽ പെൺകുട്ടിയെ തെരഞ്ഞെടുക്കുന്നു. |

| | | | |
|---|---|---|---|
| ബി) | **ഇടുക്കി നിയോജകമണ്ഡലത്തിൽ നിന്നും സൃഷ്ടി സ്കോളർഷിപ്പിനു വേണ്ടിയുള്ള അപേക്ഷ പരിഗണിക്കപ്പെടാതെ പോയതിനുള്ള കാരണം വ്യക്തമാക്കുമോ;** | ബി) | നിലവിൽ സൃഷ്ടി സ്കോളർഷിപ്പ് സംസ്ഥാനത്ത് ഒരു വിദ്യാർത്ഥിക്ക് മാത്രമേ നൽകുവാനുള്ള ഫണ്ട് നിലവിലുള്ളൂ. നിലവിലുള്ള രണ്ട് ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപത്തിന്റെ പലിശയായി ലഭിക്കുന്ന പതിനയ്യായിരം രൂപയാണ് ഒരു വിദ്യാർത്ഥിക്ക് നൽകുന്നത്. സംസ്ഥാന തലത്തിൽ ലഭിച്ച അപേക്ഷകരിൽ നിന്ന് ഏറ്റവും യോഗ്യയായ ഒരാൾക്ക് മാത്രമേ സ്കോളർഷിപ്പ് നൽകിയിട്ടുള്ളൂ. സ്ഥിര നിക്ഷേപ തുക വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെ പരിഗണിക്കാവുന്നതാണ്. |
| സി) | **പ്രസ്തുത പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;** | സി) | നടപ്പ സാമ്പത്തിക വർഷം തുകയൊന്നും ലഭ്യമായിട്ടില്ല. |
| ഡി) | **പുതിയ അദ്ധ്യയന വർഷം മുതൽ പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കുന്നതിനായി മുൻകൂട്ടി അറിയിപ്പ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?** | ഡി) | മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**